(സി) അഴീക്കൽ തുറമുഖത്ത് യാത്രാ ചരക്ക് കപ്പലുകൾ കൊണ്ടുവരുന്നതിനായി ലക്ഷദ്വീപ് അധികാരികളുമായും ചേംബർ ഓഫ് കൊമേഴ്സുമായും ചർച്ചകൾ നടത്തിയിട്ടുണ്ട്. തുറമുഖത്ത് ഡ്രഡ്ജിംഗ് പ്രവൃത്തികൾ പൂർത്തിയായി വരുന്നു. തുറമുഖത്തെ നിലവിലെ ആഴം കണക്കാക്കുന്നതിനായി ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനെ ചുമതലപ്പെടുത്തുകയും ആയത് പുരോഗമിച്ചുവരികയും ചെയ്യുന്നു. ഡ്രെഡ്ജിംഗ് നടപടികൾ പൂർത്തിയായിവരുന്ന മുറയ്ക്ക് ചരക്ക് കപ്പലുകൾ അടുപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തുറമുഖവകുപ്പിൽ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ നിയമനം

158(1415) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിൽ 2-ാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; ഈ വിഭാഗത്തിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്രപേരെ പ്രസ്തുതതസ്തികയിൽ നിയമിച്ചു; ഇനി എത്ര ഒഴിവുകൾ ബാക്കിയുണ്ട്; അതിൽ എത്രപേരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ട്?

ഉത്തരം

(എ) ഉണ്ട്. ഒഴിവുകൾ നിലവിലില്ല.

(ബി) മൂന്ന് പേരെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ ഒഴിവുകൾ നിലവിലില്ല.

റിപ്പയർ യാർഡുകൾ

159(1416) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തുറമുഖവകുപ്പിനു കീഴിലെ പോർട്ടുകളിൽ ഏതിലെങ്കിലും റിപ്പയർ യാർഡുകൾ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയൊക്കെ എന്നു വ്യക്തമാക്കുമോ ;

(ബി) ഇത്തരം റിപ്പയർ യാർഡുകളുമായി ബന്ധപ്പെട്ട് ബാർജുകൾ, ഉരുക്കൾ മുതലായവയ്ക്ക് നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനെപ്പറ്റി ആലോചിക്കുമോ ?

ഉത്തരം

(എ) തുറമുഖ വകുപ്പിന്റെ കീഴിൽ റിപ്പയർ യാർഡുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ വകുപ്പിലെ ജലയാനങ്ങളുടെ അത്യാവശ്യ ദൈനംദിന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി നീണ്ടകര, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ റിപ്പയറിംഗ് വർക്കുഷോപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly